(ബി) ഇല്ലെങ്കിൽ കഠിനംകുളം, അണ്ടൂർക്കോണം പഞ്ചായത്തുകളിൽ സർക്കാർ ഹൈസ്കൂളുകളും ഇല്ലാത്തതിനാൽ കണിയാപുരം യു. പി. എസ്. നെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ഒരേ പേരിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയം

75 [2384] ശ്രീ. പി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ പഞ്ചായത്തിൽ ഒരേ പേരിൽ രണ്ട് വാർഡുകളിലായി ഏതെങ്കിലും സർക്കാർ വിദ്യാലയം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ പഞ്ചായത്തിൽ രണ്ട് സ്ഥലങ്ങളിലായി ഗവൺമെൻറ് എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു ഹെഡ്മാസ്റ്ററുടെ കീഴിൽ അഞ്ച് കിലോ മീറ്റർ അകലെ മറ്റൊരു വിദ്യാലയം പ്രവർത്തിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഓരോ സ്കൂളും ഓരോ ഹെഡ്മാസ്റ്ററുടെ കീഴിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഈ കാര്യം പരിശോധിക്കുന്നതാണ്.

അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

76 [2385] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly